പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4688** 20.10.2011-ൽ മറുപടിയ്ക്ക്

**ടാക്സ് വെട്ടിപ്പ്**

| **ചോദ്യം** | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ സെയിൽ ടാക്സ് ജീവനക്കാരെ അപായപ്പെടുത്താൻ ടാക്സ് തട്ടിപ്പ് മാഫിയകൾ നടത്തിയ ഹീന പ്രവൃത്തികൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) ഉണ്ട്. ഇതു സംബന്ധിച്ച് രണ്ട് കേസുകൾ കാസർഗോഡ് ടൗൺ പോലീസ് സ്റ്റേഷനിൽ നിലവിലുണ്ട്.<br>6.4.2011 ന് കാസർഗോഡ് കുഡ്‌ലു എന്ന സ്ഥലത്തുവച്ച് കോഴി കള്ളക്കടത്തിന് അകമ്പടി സേവിച്ച വാഹനം കാസർഗോഡ് ഇന്റലിജൻസ് സ്ക്വാഡ് നമ്പർ 6 ന്റെ വാഹനത്തെ തടസ്സപ്പെടുത്താനും അപായപ്പെടുത്താനും മുതിർന്നു. ഇതിനെതിരെ കാസർഗോഡ് ടൗൺ പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയും കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിനുശേഷം 2.9.2011 ൽ കാസർഗോഡ് ചട്ടഞ്ചാല് എന്ന സ്ഥലത്തു വച്ച് ഇന്റലിജൻസ് സ്ക്വാഡ് നമ്പർ 3 ന്റെ വാഹനം, പരിശോധനയ്ക്കിടെ കോഴി കള്ളക്കടത്തുകാർ അടിച്ചുതകർക്കുകയും ഇന്റലിജൻസ് ഓഫീസറേയും ഡ്രൈവറേയും ഇൻസ്പെക്ടർമാരേയും മർദ്ദിച്ചു പരിക്കേൽപ്പിക്കുകയും ഉണ്ടായി. ഈ സംഭവത്തിനെതിരെ കാസർഗോഡ് വിദ്യാനഗർ പോലിസ് സ്റ്റേഷനിൽ പരാതി നൽകുകയും 3.09.2011 ൽ ക്രൈം നമ്പർ 436/11 ആയി കേസ് രജിസ്റ്റർ ചെയ്യുകയും ഉണ്ടായി. ഈ സംഭവത്തിൽ മൂന്ന് പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസിന്റെ അന്വേഷണം പുരോഗമിക്കുന്നു. |

(..........2)

(ബി) ജില്ലയിലെ അനധികൃത വഴികളിലൂടെ ടാക്സ് വെട്ടിപ്പ് നടത്തുന്ന കോഴിക്കച്ചവടക്കാരെയും ടാക്സ് വെട്ടിപ്പുകാരെയും പിടിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

(ബി) കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം മുതൽ ചെറുപുഴ വരെയുള്ള അതിർത്തി പ്രദേശങ്ങൾ നിരീക്ഷിക്കുവാൻ വേണ്ടി നിലവിൽ 6 ഇന്റലിജൻസ് സ്ക്വാഡുകളും, ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ചും, കാസർ-ഗോഡ് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർ (ഐ) യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. കൂടാതെ ഉത്സവ സീസണുകളിൽ ഉണ്ടാകാറുള്ള അധികരിച്ച കള്ളക്കടത്ത് തടയാൻ വേണ്ടി അസസ്മെന്റ് വിഭാഗത്തിൽ നിന്നും രൂപീകരിക്കുന്ന പ്രത്യേക സ്ക്വാഡുകളും, കണ്ണൂർ ജില്ലയിൽ നിന്നും നിയോഗിക്കപ്പെടുന്ന ഇന്റലിജൻസ് സ്ക്വാഡുകളും ഇവിടെ പ്രവർത്തനം നടത്താറുണ്ട്. ചെക്ക് പോസ്റ്റുകൾ നിലവിലില്ലാത്ത ഇരുപതോളം അനധികൃത പാതകളിൽ നികുതി സ്ക്വാഡുകൾ നിരന്തരമായ ജാഗ്രതയാണ് പുലർത്തി വരുന്നത്. നികുതി വെട്ടിച്ച് കടത്തുന്ന ചരക്കുകൾ കണ്ടുകെട്ടുന്നതുൾപ്പെടെ വിൽപ്പനനികുതി നിയമം അനുശാസിക്കുന്ന പരമാവധി ശിക്ഷയാണ് കള്ളക്കടത്തുകാർക്ക് നൽകി വരുന്നത്. ഇതുകൂടാതെ ചെക്ക്പോസ്റ്റുകൾ വഴിയുള്ള ഇടപാടുകളും ഇപ്പോൾ ഇന്റലിജൻസ് വിഭാഗത്തിന്റെ നിരീക്ഷണത്തിലാണ് ഇതിന്റെ ഫലമായി കാസർഗോട്ടെ വിൽപ്പന നികുതി ചെക്ക് പോസ്റ്റുകളിൽ കോഴിയുടെ മാത്രം മുൻകൂർ നികുതിയിനത്തിൽ വൻവർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

സെക്ഷൻ ഓഫീസർ